ഫലമായി 10 വയസ്സിനു താഴെയുള്ള 7 പെൺകുട്ടികളും ഒരു സ്ത്രീയും ഉൾപ്പെടെയുള്ള ആളുകൾ ഗുരുതരമായ പരിക്കേറ്റ് ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടിരിക്കുകയുമാണ്. അവിടെ പോലീസിന്റെ ഭാഗത്തുനിന്നും സംരക്ഷണം ലഭിക്കുന്നില്ലെന്ന പരാതിയുണ്ട്. കഴിഞ്ഞദിവസം ബസ്തിയിലുണ്ടായ സംഭവത്തെ സംബന്ധിച്ച് മനോരമ റിപ്പോർട്ടു ചെയ്തിരുന്നു. നമ്മുടെ സംസ്ഥാനത്തുനിന്നു പോയിട്ടുള്ള മലയാളികൾക്കും ന്യൂനപക്ഷസമുദായങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്കും സംരക്ഷണം കൊടുക്കാനുള്ള നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് മറ്റു ഗവൺമെന്റുകളുമായി ആലോചിക്കുകയും അതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണം. ഇത് വളരെ ഗുരുതരമായ പ്രശ്നമെന്ന നിലയിൽ കണക്കിലെടുത്തുകൊണ്ട് അതിനുവേണ്ടി എന്തുനടപടി ഗവൺമെന്റു സ്വീകരിച്ചു. ബീഹാർ ഗവൺമെന്റുമായി ബന്ധപ്പെടുകയെ നിരന്തരിക്കുകയോ ചെയ്തിട്ടുണ്ടോ എന്നു വ്യക്തമാക്കിയാൽ കൊള്ളാം. ഇല്ലെങ്കിൽ അടിയന്തിരമായും വേണ്ട നടപടികൾ സ്വീകരിക്കണമെന്നു ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, പത്രവാർത്തകൾ കണ്ടു എന്നുള്ളതിൽ കവിഞ്ഞ് ഇതിനെ സംബന്ധിച്ച് കൂടുതൽ വിവരങ്ങളൊന്നും ഗവൺമെന്റിനില്ല. മറ്റൊരു സംസ്ഥാനത്തു നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് പരിമിതമായ ചില കാര്യങ്ങൾ മാത്രമേ നമുക്കു ചെയ്യാൻകഴിയൂ. മലയാളികളെ ബാധിക്കുന്ന ഈ പ്രശ്നങ്ങളിൽ തീർച്ചയായും നമുക്കുവലിയ താൽപ്പര്യമുണ്ട്. യു. പി. യിൽ നടന്ന സംഭവത്തെ സംബന്ധിച്ച് ഞാൻ അവിടത്തെ മുഖ്യമന്ത്രിക്കു എഴുതുകയുണ്ടായി. അതിനു മറുപടിയൊന്നും കിട്ടിയിട്ടില്ല. ഇതിൽ മലയാളികൾ ഉൾപ്പെട്ടിട്ടുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. മറ്റൊരു വലിയപ്രശ്നമാണ് മതന്യൂനപക്ഷങ്ങളെസംബന്ധിച്ച പ്രശ്നം. ഇക്കാര്യത്തിലും ഈ ഗവൺമെന്റിന്റെ നിലപാടു വളരെ വ്യക്തമാണ്. എന്നാൽ മറ്റൊരു സംസ്ഥാനത്തു നടക്കുന്ന ഒരു നിയമസമാധാനപ്രശ്നമെന്ന നിലയിൽ നമുക്ക് ഇതിനകത്തു കാര്യമായി ഒന്നും ചെയ്യാൻ കഴിയുകയില്ല എന്ന നിർഭാഗ്യകരമായ ഒരു സ്ഥിതിയുണ്ട്. എതായാലും ഈ പത്രവാർത്തയുടെ അടിസ്ഥാനത്തിൽ നമ്മുടെ ആരെങ്കിലും ഇതിനകത്തു ഉൾപ്പെട്ടിട്ടുണ്ടോ എന്താണെന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെന്റ് തീർച്ചയായും അന്വേഷിക്കുന്നതാണ്.

VI. ചരമോപചാരം

മുൻപാകിസ്ഥാൻ പ്രധാനമന്ത്രി ഇസഡ്. എ. ഭൂട്ടോയുടെ വധം

ശ്രീ. കെ. കരുണാകരൻ: സർ, ഒരു സബ്മിഷൻ. ഇന്നലെ ലോകമനസ്സാക്ഷിയെ ആകെ ഞെട്ടിപ്പിച്ച ഏറ്റവും ദാരുണമായ ഒരു സംഭവമായിരുന്നു പാക്കിസ്ഥാനിലെ മുൻ പ്രധാനമന്ത്രി ഭൂട്ടോയുടെ വധശിക്ഷ. മനുഷ്യമനസ്സാക്ഷിയെ ഞെട്ടിപ്പിച്ച ഈ സംഭവം ലോകരാഷ്ട്രങ്ങളും മുഴുവൻതന്നെ വളരെ ഉത്കണ്ഠയോടുകൂടി വീക്ഷിക്കുകയും ഈ ക്രൂരമായ നടപടി 'അരുത്' എന്ന് പാകിസ്ഥാന്റെ പട്ടാളമേധാവിയോട് ഉപദേശിക്കുകയും ചെയ്തിട്ടുള്ളതാണ്. വന്ദ്യനായ പോപ്പ് വരെ ദയയോടുകൂടി ഈ പ്രശ്നത്തെ കാണണമെന്നു അഭ്യർത്ഥിച്ചിട്ടും, ലോകത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

വലിയൊരു വിഭാഗം രാഷ്ട്ര നേതാക്കൻമാർ അഭ്യർത്ഥിച്ചിട്ടും അതെല്ലാം തിരസ്ക്കരിച്ചുകൊണ്ടു നടപ്പിലാക്കിയ ഈ സംഭവത്തിൽ കേരള ജനതയുടെ വികാരങ്ങളം പ്രതിഫലിപ്പിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഇതൊരു ലോക ഗൂഢസംഘത്തിന്റെ പ്രവർത്തനത്തിന്റെ ഭാഗമായിട്ടു മാത്രമേ നമുക്കു കാണാൻ കഴിയൂ. ജനങ്ങളുടെ ആരാധ്യരായ നേതാക്കൻമാരെ കുറുവഴിയിൽകൂടി തേജോവധം ചെയ്യാനുള്ള നീക്കം ഉണ്ടായിട്ടുണ്ട്. അതാണ് അലൻഡേയുടേയും മുജീബുറഹുമാന്റെയും എല്ലാം വധങ്ങളം സൂചിപ്പിക്കുന്നത്. ലോക രാഷ്ട്രങ്ങളിൽ നടക്കുന്ന ഈ ക്രൂരമായ സമീപനം ലോക മനസ്സാക്ഷിയെ ഞെട്ടിക്കുന്നതാണ്. ഇൻഡ്യയെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ച് കേരളത്തെ സംബന്ധിച്ചിടത്തോളം പാകിസ്ഥാനിലെ ആരാധ്യനായ നേതാവായ-ഭൂട്ടോയുമായി എന്തുതന്നെ അഭിപ്രായവ്യത്യാസമുണ്ടായാലും ലോകം അംഗീകരിച്ചിട്ടുള്ള ഒരു നേതാവായ അദ്ദേഹത്തിനെ ഇത്രയും ക്രൂരവും നിഷ്ഠൂരവും ആയ നിലയിൽ വധിച്ചിട്ടുള്ളതിൽ ഈ സഭയ്ക്കുള്ള പ്രതിഷേധവും ദുഃഖവും രേഖപ്പെടുത്താൻ ഈ ഗവൺമെൻറ് സഹകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, പാകിസ്ഥാന്റെ മുൻ പ്രധാനമന്ത്രി ഭൂട്ടോയുടെ വധത്തെ സംബന്ധിച്ചുള്ള വാർത്തവന്നപ്പോഴംതന്നെ ഈ സഭയിലുള്ള ബഹുമാനപ്പെട്ട പല മെമ്പറൻമാരും ഇക്കാര്യത്തെ സംബന്ധിച്ച് നമ്മുടെ വികാരങ്ങളം പ്രകടിപ്പിക്കണമെന്ന് അഭിപ്രായപ്പെടുകയുണ്ടായി. സർ, ഇക്കാര്യത്തിൽ ഈ സഭയിലുള്ള എല്ലാ മെമ്പറൻമാരുടെയും വികാരങ്ങളെന്താണെന്നും അഭിപ്രായമെന്താണെന്നുമുള്ള കാര്യത്തെ സംബന്ധിച്ച് ഞാൻ പ്രത്യേകിച്ചു പറയാതെതന്നെ വളരെ വ്യക്തമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞതുപോലെ നമ്മുടെ ജനങ്ങളെ ഒട്ടാകെ ഞെട്ടിപ്പിച്ച ഒരു സംഭവമാണിത്. ലോകത്തൊട്ടാകെയുള്ള രാഷ്ട്രനേതാക്കൻമാരും ഗവൺമെൻറുകളുമെല്ലാംതന്നെ ഇതിൽ ഇടപെട്ടിരുന്നു. അത് ചെയ്യരുതെന്ന് അഭ്യർത്ഥിച്ചിരുന്നു. ഇതെല്ലാമായിട്ടും ഇതൊന്നും വകവെയ്ക്കാതെയാണ് പാകിസ്ഥാന്റെ പട്ടാളഭരണാധികാരികളം ഇതുപോലെ ഒരു കാര്യം നടപ്പിലാക്കിയത്. ഇതുപോലുള്ള ഒരു പ്രശ്നത്തിൽ സാങ്കേതികമായി നിയമസഭ ഒരു അഭിപ്രായപ്രകടനം ഔപചാരികമായി നടത്താൻ ചില സാങ്കേതിക തടസ്സങ്ങളുണ്ടെന്നുള്ളതു വ്യക്തമാണ്. മറെറാരു രാഷ്ട്രത്തിന്റെ ആഭ്യന്തര പ്രശ്നമാണെന്നുള്ള കാര്യം ഇതിനകത്ത് അടങ്ങിയിട്ടുണ്ട്. എന്നാൽ ഈ പ്രത്യേക കാര്യത്തിൽ അങ്ങനെയുള്ള സാങ്കേതികത്വത്തിൽ നിൽക്കാനും സാധ്യമല്ല. ഇത്രയേറെ ഇൻഡ്യയിലെ ജനങ്ങളെ ഞെട്ടിച്ച ഒരു സംഭവത്തിൽ അതു സാധ്യമല്ല. ഭൂട്ടോ പാകിസ്ഥാനിലെ ജനങ്ങളുടെയിടയിൽ ആരാധ്യനായ, ആദരണീയനായ ഒരു നേതാവായിരുന്നു. അദ്ദേഹം ജനങ്ങളുടെ നേതാവായിരുന്നു. അദ്ദേഹത്തെ ഇത്തരത്തിൽ ക്രൂരമായി വധിച്ചിട്ടുള്ളതിനെസംബന്ധിച്ച് തീർച്ചയായും അങ്ങേയറെറം പ്രതിഷേധവും ഖേദവും നമ്മുടെ ജനങ്ങൾക്കുണ്ട്. ജനങ്ങളുടെ ആ വികാരത്തിൽ തീർച്ചയായി നാമും പങ്കുചേരുന്നു. ഭൂട്ടോയുടെ സന്തപ്ത കുടുംബാംഗങ്ങളോടു തീർച്ചയായും നാം നമ്മുടെ അനുശോചനം അറിയിക്കുകയും ചെയ്യും.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഇത് ഒരു അസാധാരണ സംഭവമാണ്. സാധാരണ സംഭവങ്ങളം നടക്കുമ്പോഴം സാധാരണ സാങ്കേതിക കാരണങ്ങളെ ആശ്രയിക്കുന്നത് പോലെ, ഇതിൽ അതു ശരിയല്ല. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രകടിപ്പിച്ച

LIBRARY ARCHIVES Kerala Legislative Assembly

വികാരങ്ങളോട് ഞാനും എന്റെ പാർട്ടിയും യോജിക്കുന്നു. രാജ്യത്തെ ജനാധിപത്യ അഭിപ്രായത്തെ ആകെ ചവിട്ടിമെതിച്ചുകൊണ്ടാണ് ഈ ക്രൂര കൃത്യം പാക്കിസ്ഥാന്റെ സർവ്വാധിപതി നടത്തിയിട്ടുള്ളത്. ഇതിൽ പ്രതിഷേധം അറിയിക്കാനുള്ള സന്ദർഭം. എന്നുള്ള നിലയിൽ നാം ഈ നിയമസഭയിൽ വേണ്ട നടപടികളും എടുക്കേണ്ടതാണ്. സന്തപ്ത കുടുംബാംഗങ്ങളോടുള്ള അനുശോചനം അറിയിക്കുക മാത്രമല്ല ഈ ക്രൂരകൃത്യത്തിന് നേതൃത്വം കൊടുത്ത ശക്തിയോടു പ്രതിഷേധം രേഖപ്പെടുത്തേണ്ടതും നമ്മുടെ കടമയാണ്. ആ കടമ ഈ സഭ നിർവ്വഹിക്കണമെന്നുതന്നെയാണ് എന്റെ പാർട്ടിയുടെ അഭിപ്രായം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇത്രയും ക്രൂരമായ ഒരു കൊല പാതകമെന്ന് പറയാവുന്ന ഈ സംഭവത്തെ ഈ സഭ തീർച്ചയായും അപലപിക്കേണ്ടതാണെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഭൂട്ടോയോട് അഭിപ്രായ വ്യത്യാസമുള്ളവർപോലും ഇത്ര ദാരുണമായ ഒരന്ത്യം ആ ജീവിതത്തിനുണ്ടായതിൽ വ്യസനിക്കുന്നുണ്ട്. നമ്മുടെ അയൽ രാജ്യമാണ് പാക്കിസ്ഥാൻ. രാജ്യാന്തരമായ പലകാരണങ്ങളാലും ആഭ്യന്തരപ്രശ്നങ്ങളിൽ ഇടപെടാൻ സാദ്ധ്യമല്ലെങ്കിൽ കൂടിയും ഇൻഡ്യയിലെ മാത്രമല്ല ലോകത്തെമ്പാടുമുള്ള ജനതയുടെ മനസ്സാക്ഷിയെ ഞെട്ടിപ്പിച്ച ഈ സംഭവത്തിൽ ഈ സഭക്കുള്ള—മൊത്തത്തിൽ വ്യസനവും ദുഃഖവും രേഖപ്പെടുത്തുന്ന ഈ അവസരത്തിൽ ഞാനും അതിൽ പങ്കുചേരുകയാണ്. അദ്ദേഹത്തെ സ്നേഹിച്ച പാക്കിസ്ഥാനിലെ ജനതയുടേയും ലോകത്തെമ്പാടുമുള്ള കോടിക്കണക്കിന് ജനങ്ങളുടേയും സന്തപ്ത കുടുംബത്തിനേറയും ദുഃഖത്തിൽ ഞാനും എന്റെ കക്ഷിയും പങ്കുചേരുകയാണ്.

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മറ്റു കക്ഷിനേതാക്കൻമാരും സുൽഫീക്കർ അലി ഭൂട്ടോയെ തൂക്കിക്കൊന്ന സംഭവത്തിൽ പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും എന്റെ കക്ഷിയും പങ്കുചേരുകയാണ്. ഇന്നലെ പാക്കിസ്ഥാനിൽ നടന്ന സംഭവത്തെ പൈശാചികമെന്ന് വിശേഷിപ്പിച്ചാൽ പിശാചുക്കളും പ്രതിഷേധിക്കും. മൃഗീയമെന്ന് വിശേഷിപ്പിച്ചാൽ മൃഗങ്ങളും പ്രതിഷേധിക്കും. അത്രക്ക് കൊടും ക്രൂരമായ കൃത്യമാണ് പാക്കിസ്ഥാനിലെ ഭരണാധികാരികളും ചെയ്തിട്ടുള്ളത്. ഇത് അവരുടെ ആഭ്യന്തര പ്രശ്നം ആയതുകൊണ്ട് ആ സംഭവത്തിലേക്ക് കടന്നുചെല്ലാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ ഈ രാജ്യത്തു മാത്രമല്ല ലോകത്തെമ്പാടുമുള്ള ജനാധിപത്യവിശ്വാസികളെയും ജനാധിപത്യത്തിൽ വിശ്വസിക്കുന്നവരായി നിലകൊള്ളുന്നവരേയും മനുഷ്യസ്നേഹത്തിനുവേണ്ടി നിലകൊള്ളുന്നവരേയും ഞെട്ടിപ്പിച്ച ഒരു ക്രൂരമായ സംഭവമാണ് അവിടെ നടന്നത്. ഭൂട്ടോയുടെ എല്ലാ അഭിപ്രായങ്ങളോടും നാം യോജിക്കുകയില്ലായിരിക്കാം. ഭൂട്ടോയുടെ എല്ലാ ചെയ്തികളോടും നാം യോജിക്കുകയില്ലായിരിക്കാം. പക്ഷേ ഭൂട്ടോയെ വിചാരണചെയ്ത രീതിയും ഭൂട്ടോയെ കൊന്നരീതിയും ഒരു കാലത്തും മനുഷ്യസ്നേഹത്തിന് നിരക്കാത്തതാണ്. പാക്കിസ്ഥാന്റെ തലസ്ഥാനം. ഇസ്ലാമാബാദാണ്. ഇസ്ലാമെന്ന് പറഞ്ഞാൽ സമാധാനത്തിന്റെ സന്ദേശം എന്നാണ് അർത്ഥം. എന്നാൽ ഇന്ന് ഇസ്ലാമാബാദ് ഇബിലീസാബാദായി മാറിയിരിക്കുകയാണ്. എന്നുവെച്ചാൽ പിശാചുക്കളുടെ ആവാസകേന്ദ്രമായി മാറിയതു പോലയാണ് തോന്നുന്നത്. ഈ സംഭവത്തെസംബന്ധിച്ച് ബഹുമാനപ്പെട്ട സഭാനേതാവും മറ്റു കക്ഷിനേതാക്കൻമാരും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും എന്റെ കക്ഷിയും യോജിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ: പാക്കിസ്ഥാന്റെ മുൻ പ്രധാനമന്ത്രിയും ലോകജനതയുടെ മുഴുവൻ വികാരങ്ങളേയും ഉൾക്കൊള്ളാൻ സാധിച്ചിട്ടുള്ള ആളുമായ ശ്രീ. ഭൂട്ടോയുടെ നേരേയുണ്ടായിട്ടുള്ള ഈ മൃഗീയമായ വധത്തിനുനേരേ ശക്തിയായ വികാരങ്ങളോടു കൂടി അതിനെ കാണുകയും പാർട്ടി നേതാക്കൻമാർ പ്രകടിപ്പിച്ച വികാരങ്ങളെ മാനിക്കുകയും ചെയ്യുന്നു. ഈ 20-ാം നൂറ്റാണ്ടുവരെ ഇത്ര മൃഗീയമായ ഒരു കൊലപാതകം ലോക രാഷ്ട്രീയ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോയെന്ന് സംശയമാണ്. ബുദ്ധിയുടെ കാര്യത്തിലും വിവേകത്തിന്റെ കാര്യത്തിലും മറ്റുപല കാര്യങ്ങളിലും ലോകത്തിന്റെ ഉത്തുംഗശൃംഗത്തിൽ നിൽക്കാൻ സാധിച്ചിട്ടുള്ള ഒരു ഭരണാധികാരിയെ ഇത്ര മൃഗീയമായ രീതിയിൽ കൊലപ്പെടുത്തിയതിൽ ഈ നിയമസഭയിലെ അംഗങ്ങളും എന്നല്ല ലോകജനതതന്നെ പ്രതിഷേധിച്ചിട്ടുണ്ട്. ആ പ്രതിഷേധത്തിൽ ഒരു അണുപോലും സഹകരിക്കാൻ സാധിക്കാത്ത മനുഷ്യസ്നേഹം തുള്ളിപോലുമില്ലാത്ത മനുഷ്യരെ നാം നിരാകരിക്കുകയും വേണം. അതിനുവേണ്ടി ഇന്ന് ഇവിടെ സൂചിപ്പിച്ച വികാരങ്ങളോടു ഞാനും എന്റെ പാർട്ടിയും യോജിക്കുന്നു. അനുശോചിക്കുന്നു.

ശ്രീ. പി. എം. അബൂബേക്കർ: സംഭവിക്കാൻ പാടില്ലാത്തത് ഇന്നലെ പാക്കിസ്ഥാനിൽ സംഭവിച്ചുകഴിഞ്ഞു. പാക്കിസ്ഥാനിലെ മുൻ പ്രസിഡന്റും, പ്രധാനമന്ത്രിയുമായിരുന്ന ഭൂട്ടോയെ ഇന്നലെ വധിച്ചു. പാക്കിസ്ഥാന്റെതന്നെ ശാപമെന്നനിലയിലാണ് ഇതിനെ കാണാൻ സാധിക്കുന്നത്. പാക്കിസ്ഥാനിലെ ആദ്യപ്രധാനമന്ത്രിയായ ലീയാക്കത്തലിഖാൻ ഒരുകുമിയുടെ വെടിയുണ്ടയേറ്റാണ് മരിച്ചതെങ്കിൽ ഭൂട്ടോയ്ക്ക് അധികാരത്തിലിരിക്കുന്ന ആളുകളുടെ ആജ്ഞ അനുസരിച്ച് തൂക്കുമരത്തിലേറേണ്ട ഗതികേടാണ് ഉണ്ടായിട്ടുള്ളത്. ഇത് സംവേദ്യത് ലോകമനസ്സാക്ഷിയെ ഞെട്ടിപ്പിച്ചു എന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഇക്കാര്യത്തിൽ സഭാനേതാവും മറ്റുകക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും എന്റെ പാർട്ടിയും പങ്കുചേരുകയാണ്. പാക്കിസ്ഥാൻ ജനതയോടും ഭൂട്ടോയുടെ കുടുംബത്തോടും എന്നെയും എന്റെ പാർട്ടിയുടേയും അനുശോചനം മറ്റുള്ളവരോടൊപ്പം ഞാനും രേഖപ്പെടുത്തുകയാണ്.

ശ്രീ. എൻ. ഭാസ്കരൻ നായർ: സർ, ഭൂട്ടോയുടെ വധത്തിൽ സങ്കടം രേഖപ്പെടുത്തിക്കൊണ്ട് വിവിധ രാഷ്ട്രീയ നേതാക്കൻമാർ ഇവിടെ പ്രകടിപ്പിച്ച എല്ലാവികാരങ്ങളോടും ഞാനും എന്റെ പാർട്ടിയും യോജിക്കുകയാണ്. ആദർശത്തിൽ അടിയുറച്ചു വിശ്വസിച്ചുകൊണ്ട് തന്റെ ആദർശം ശരിയാണെന്ന് വിശ്വസിച്ചുകൊണ്ട് പ്രവർത്തിച്ച ഒരു വ്യക്തിയായിരുന്നു ഭൂട്ടോ. ഒരുപക്ഷേ മാപ്പപേക്ഷിച്ചിരുന്നെങ്കിൽ അദ്ദേഹത്തിന് തന്റെ ജീവൻ രക്ഷപ്പെടുത്താൻ സാധിക്കുമായിരുന്നു. പക്ഷേ അദ്ദേഹം കുറ്റം ചെയ്തിട്ടില്ലെന്ന ഉത്തമ വിശ്വാസത്തോടുകൂടി അതിന് തയ്യാറാകാതെ വധശിക്ഷ സ്വീകരിക്കാൻവേണ്ടി അടിയുറച്ചുനിന്ന ഒരു വ്യക്തിയെന്നുള്ള നിലയിൽ അദ്ദേഹത്തിന്റെ ആദർശധീരത ഇന്ന് ലോകമെമ്പാടും ഉൽഘോഷിക്കുകയാണ്. ഇന്നലെ ചെയ്ത ഈ പാതകം ഇൻഡ്യയിലെ സമാധാനം കാംക്ഷിക്കുന്ന എല്ലാ ആളുകളിലും ഞെട്ടൽ ഉണ്ടാക്കിയിട്ടുണ്ട്. പാക്കിസ്ഥാനിൽ ഇങ്ങനെയുള്ള സംഭവങ്ങൾ സാധാരണയായി നടക്കാൻ ഇടയുണ്ടെങ്കിലും ഇൻഡ്യൻ ജനതയെ സംബന്ധിച്ചിടത്തോളം ഇത് വളരെ ഭയാനകമാണ്. ഇവിടെ ഇപ്രകാരം ഒരുസംഭവം ഉണ്ടാകുകയാണെങ്കിൽ നാം എങ്ങനെയാണ് വീക്ഷിക്കുന്നതെന്ന് ഒന്നു ചിന്തിച്ചുനോക്കണം. ആ നിലയിൽ യാതൊരു കാരണവശാലും ഇന്നലെ പാതിരാ ചെയ്ത ആ അറും കൊലപാതകം ഒരുകാലത്തും പൊറുക്കാൻ പാടില്ല. അത് തെറ്റാ

LIBRARY ARCHIVES Kerala Legislative Assembly

ന്നെന്നുള്ള നമ്മുടെ വികാരങ്ങളും രേഖപ്പെടുത്താനും പാക്കിസ്ഥാൻ ജനത യോട് നമുക്കുള്ള ദുഃഖം ഈ അവസരത്തിൽ രേഖപ്പെടുത്താനും ഈ അവസരം വിനിയോഗിച്ചുകൊണ്ട് എന്റെ അനുശോചനം പ്രകടിപ്പിച്ചു കൊള്ളുന്നു.

ശ്രീ. എസ്. തങ്കപ്പൻ പിള്ള: സർ, ലോക മനസ്സാക്ഷിയെ ഞെട്ടിച്ച അതിദാരുണമായ ഭൂട്ടോയുടെ വധംമൂലം ഉണ്ടായ സംഭവത്തിൽ ഈ സഭയിലെ വിവിധ കക്ഷിനേതാക്കൻമാർ പ്രകടിപ്പിച്ച വികാരങ്ങളോട് പരിപൂർണ്ണമായി ഞാനും എന്റെ പാർട്ടിയും പങ്കുചേരുകയാണ്. ഏറ്റവും വലിയ ഭരണാധികാരി എന്നുള്ള നിലയിൽ വിരാജിച്ച ഭൂട്ടോയുടെ അവസാന നിമിഷം ഓർക്കുമ്പോൾ ഈ ലോകത്തുള്ള എല്ലാ രാഷ്ട്രത്തലവൻമാർക്കും മാത്രമല്ല ജനാധിപത്യ വിശ്വാസികൾക്കെല്ലാം തന്നെ ആഘാതമാണ് ഏറ്റിട്ടുള്ളത്. ഭൂട്ടോയെ നീചമായ രീതിയിൽ, പരിഹാസ്യമായ രീതിയിൽ അപഹാസ്യമായ രീതിയിൽ, തൂക്കിക്കൊല നടത്തിയ കിരാതമായ ഏർപ്പാടിൽ ഞങ്ങടെ പ്രതിഷേധിക്കുകയും പാക്കിസ്ഥാനിലേയും ലോകത്തിലേയും കേരളത്തിലേയും ജനാധിപത്യ വിശ്വാസികളോടൊപ്പം ഈ സംഭവത്തിൽ ഖേദിക്കുകയും ദുഃഖം രേഖപ്പെടുത്തുകയും ചെയ്തുകൊണ്ട് ഈ സഭയിലെ വിവിധ കക്ഷിനേതാക്കൻമാർ നടത്തിയ വികാര പ്രകടനത്തിൽ പൂർണ്ണമായി ഞാനും യോജിക്കുകയാണ്.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: പാക്കിസ്ഥാൻ ജനതയുടെ ആരാധനാപാത്രമായിരുന്ന ഭൂട്ടോയെ കിരാതമായ രീതിയിൽ തൂക്കിലേറ്റിയ പാകിസ്ഥാൻ ഗവൺമെൻറിന്റെ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ടും ലോകജനതയുടെ വികാരങ്ങളെ ശരിക്കു കണക്കിലെടുക്കാതെ അദ്ദേഹത്തെ നിർദാക്ഷിണ്യം തൂക്കിക്കൊന്ന പാക്കിസ്ഥാൻ ഗവൺമെൻറിന്റെ നയത്തിൽ കേരളജനതയുടെ വികാരം പ്രകടിപ്പിച്ചുകൊണ്ടും ഈ നിയമ സഭയിലെ വിവിധ കക്ഷിനേതാക്കൻമാർ പറഞ്ഞ എല്ലാ അഭിപ്രായങ്ങളോടും ഞാൻ യോജിക്കുന്നു. ഭൂട്ടോയുടെ കുടുംബത്തോടും പാക്കിസ്ഥാൻ ജനതയോടും എനിക്കുള്ള, എന്റെ കക്ഷിക്കുള്ള സഹതാപം അറിയിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ലോകജനതയെ ഞെട്ടിച്ച അത്യന്തം ഭീകരമായ ഈ സംഭവത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റു വിവിധ കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും എന്റെ പാർട്ടിയും പരിപൂർണ്ണമായി യോജിക്കുകയാണ്. നിന്ദ്യവും പൈശാചികവുമായ ഈ വധത്തിൽ കേരളത്തിലെ ജനതയ്ക്കുള്ള ശക്തിയായ പ്രതിഷേധം നാം രേഖപ്പെടുത്തുന്നതോടൊപ്പം ഭൂട്ടോയുടെ സന്തപ്ത കുടുംബത്തെ ഈ സഭയ്ക്കുള്ള അനുശോചനം കൂടി രേഖപ്പെടുത്താൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഈ അവസരത്തിൽ എന്റെയും എന്റെ പാർട്ടിയുടെയും അനുശോചനം രേഖപ്പെടുത്തുന്നതോടൊപ്പംതന്നെ പാക്കിസ്ഥാനിലെ പട്ടാള ഭരണകൂടത്തിന്റെ ഇത്തരം പൈശാചികവും നിന്ദ്യവുമായ പ്രവർത്തനത്തിലും ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. വി. ടി. സെബാസ്റ്റ്യൻ: ലോകമനസ്സാക്ഷിയെ ഞെട്ടിപ്പിക്കത്തക്ക വിധത്തിൽ ഇന്നലെ പാക്കിസ്ഥാനിൽ നടന്ന ആ സംഭവത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും

LIBRARY ARCHIVES Kerala Legislative Assembly

മറ്റു പ്രതിപക്ഷ നേതാക്കളും പറഞ്ഞ അഭിപ്രായങ്ങളോട് ഞാനും യോജിക്കുകയാണ്. ഭൂട്ടോയെ തൂക്കിക്കൊല്ലാൻ പാക്കിസ്ഥാൻ ഗവൺമെന്റ് തീരുമാനിച്ചതിനുശേഷം ലോകത്തുള്ള മിക്കവാറും എല്ലാ രാഷ്ട്ര നേതാക്കൻമാരും പ്രമുഖരായ വ്യക്തികളും ഗവൺമെന്റിന്റെ നിലപാട് പുനപ്പരിശോധിക്കണമെന്നും മാനുഷികമായഒരു നിലപാട് ഈകാര്യത്തിൽ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടും അതിൽ ഒരെണ്ണത്തിനുപോലും തെല്ലും വിലകൽപ്പിക്കാതെ പാക്കിസ്ഥാൻ ഗവൺമെന്റ് നടത്തിയ പ്രവൃത്തി വളരെ വേദനാജനകമാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തോട് എന്റെയും എന്റെ കക്ഷിയുടേയും അനുശോചനം രേഖപ്പെടുത്തുകയും അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ജെ. ചിത്തരഞ്ജൻ: സർ, പാക്കിസ്ഥാന്റെ മുൻ ഭരണാധികാരിയും അവിടത്തെ രാഷ്ട്രീയ നേതാവുമായ ഭൂട്ടോയുടെ വധശിക്ഷ നടപ്പാക്കിയത് ലോകത്തെ, ജനാധിപത്യ വിശ്വാസികളെ ആകെ ഞെട്ടിപ്പിച്ച ഒരു സംഭവമാണ്. അദ്ദേഹത്തിന്റെ പേരിൽ ഒരു കുറ്റം ആരോപിക്കപ്പെട്ടിരുന്നു എന്നുള്ളത് ശരിയാണ്. എന്നാൽ ആ കുറ്റത്തെ സംബന്ധിച്ചിടത്തോളം കോടതി നീതിപൂർവ്വകമായ വിധത്തിൽ ഒരു വിചാരണ നടത്തി എന്നു പറയാൻ, അവകാശപ്പെടാൻ സാധിക്കാത്ത ഒരു സാഹചര്യത്തിലായിരുന്നു കോടതിനടപടികൾ നടന്നിരുന്നതെന്ന് നമുക്കെല്ലാം അറിയാം. മാത്രമല്ല അങ്ങനെയുള്ള ഒരു കോടതി, പട്ടാള ഭരണത്തിൻകീഴിൽ ജനാധിപത്യ മര്യാദകളെ അവഗണിച്ചുകൊണ്ടുനടന്ന ആ കോടതിനടപടികളെ തുടർന്ന് ഉണ്ടായ കോടതിവിധിപോലും ഏകകണ്ഠമായിരുന്നില്ല. അതിനെ തുടർന്ന് ലോകമൊട്ടാകെ സ്വാഭാവികമായി പൊതുജനാഭിപ്രായം ഉയർന്നു. ലോകരാഷ്ട്ര നേതാക്കൻമാർ ആവശ്യപ്പെട്ടു. അതൊക്കെയാണെങ്കിലും അതിൽ യാതൊരു വ്യത്യാസവും കാണിക്കാതെ ഭൂട്ടോയെപ്പോലെ ഒരാളെ വധിക്കാൻ തീരുമാനിച്ച പാക്കിസ്ഥാൻ ഭരണാധികാരികളുടെ നടപടി വളരെ മനുഷ്യത്വരഹിതമായ ക്രൂരമായ ഒരു നടപടിയാണ്. ഈ നടപടിയിൽ സ്വാഭാവികമായും ഇവിടെ പ്രകടിപ്പിക്കപ്പെട്ട എല്ലാ വികാരങ്ങളിലും ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നു. അതോടൊപ്പം ഭൂട്ടോയുടെ സന്തപ്ത കുടുംബത്തോടുള്ള അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട സഭാനേതാവും പ്രതിപക്ഷ നേതാവും മറ്റു കക്ഷിനേതാക്കളും ഇവിടെ പ്രകടിപ്പിച്ച ഈ സഭയുടെ വികാരങ്ങളോട് ഞാനും യോജിക്കുന്നു. ഏറ്റവും നിർഭാഗ്യകരമായ ഈ സംഭവത്തിൽ എനിക്കുള്ള അഗാധമായ ദുഃഖവും അനുശോചനവും ഞാൻ രേഖപ്പെടുത്തുന്നു.

ദൈവകൽപിതം ആർക്കും തടുക്കാൻ സാദ്ധ്യമല്ല; ഇത് എന്റെ വ്യക്തമായ അഭിപ്രായത്തിൽ ലോകജനതയ്ക്കുതന്നെ ഏറ്റവും നല്ല ഒരു പാഠമാണെന്നുള്ള വാചകത്തിൽ ഞാൻ എന്റെ വികാരമെല്ലാം ഒതുക്കുകയും ഈ സഭയ്ക്കുള്ള അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

(പരേതനോടുള്ള ബഹുമാനസൂചകമായി സഭാംഗങ്ങൾ അൽപനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

LIBRARY ARCHIVES Kerala Legislative Assembly